18 (*138) കയർ രംഗത്തെ സാങ്കേതികവിദ്യ കൈമാറ്റം

ശ്രീ. എ.കെ. മണി :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ കയർ രംഗത്തെ സാങ്കേതികവിദ്യ കൈമാറ്റം ആധുനികവൽക്കരണം മുതലായ പദ്ധതിക്ക് യു.എൻ.ഡി.പി.യുടെ അംഗീകാരം ലഭിച്ചതിന്റെ ഫലമായി സംസ്ഥാനത്തിന് എന്തെല്ലാം പ്രയോജനം ലഭിക്കും എന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി സംസ്ഥാനത്തെ ഏതെല്ലാം കേന്ദ്രങ്ങളിലാണ് നടപ്പാക്കുന്നത്;

(സി) കയർ വ്യവസായത്തിന്റെ ഈറ്റില്ലമായ കേരളത്തിൽ ഈ പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ഡി) ഈ പദ്ധതിയുടെ പ്രയോജനം കേന്ദ്രങ്ങളിൽനിന്ന് മറ്റ് കേന്ദ്രങ്ങളിലേയ്ക്ക് ഇതുപോലുള്ള പരിപാടികൾ വ്യാപിപ്പിക്കുവാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഇന്ത്യൻ കയർ വ്യവസായത്തിന്റെ ആധുനികവൽക്കരണം, ടെക്നോളജി ട്രാൻസ്ഫർ, ഉത്പാദനക്ഷമത വർദ്ധിപ്പിക്കൽ എന്നിവ ലക്ഷ്യമാക്കി യു.എൻ.ഡി.പി.യുടെ ധനസഹായത്തോടെ കയർബോർഡ് ഒരു പദ്ധതി നടപ്പാക്കുന്നു. ഉദ്ദേശം 8,46,000/- യു.എസ്. ഡോളറാണ് പദ്ധതിയുടെ മുടക്കുമുതലായി കണക്കാക്കിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ കേരളത്തിലെ കയർ വ്യവസായത്തിന് ലഭിക്കുന്ന പ്രയോജനങ്ങളുടെ വിശദാംശങ്ങൾക്ക് കയർ ബോർഡ് രൂപംനൽകി അറിയിച്ചിട്ടില്ല.

(ബി) പദ്ധതി കയർ ബോർഡ് നേരിട്ടാണ് നടപ്പാക്കുന്നത്. കൊല്ലം ആലപ്പുഴ ജില്ലകളിലെ പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള വിവരം കയർബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് കൂടുതൽ കേന്ദ്രങ്ങളിൽ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇന്ത്യയിൽ കേരളത്തിൽ രണ്ടും തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ഓരോ കേന്ദ്രവും ഉൾപ്പെടെ 5 കേന്ദ്രങ്ങളാണ് ഈ പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് കയർബോർഡ് അറിയിച്ചിട്ടുള്ളത്. പദ്ധതിക്ക് ഉദ്ദേശം 8,46,000 യു.എസ്. ഡോളർ മുടക്കുമുതലാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമായാൽ മാത്രമേ കൂടുതൽ കേന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കാൻ കഴിയുമോ എന്ന് പരിശോധിക്കാനാകൂ.

19 (*139) വ്യവസായമേഖലയിലുണ്ടായിട്ടുള്ള നേട്ടങ്ങൾ

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീമതി എൻ.കെ. രാധ :

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസനത്തിനായി സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി സംസ്ഥാനത്ത് വ്യവസായ മേഖലയിലുണ്ടായിട്ടുള്ള നേട്ടം വിശദമാക്കുമോ;

(ബി) ഇതിന്റെ ഫലമായി പുതുതായി വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) വ്യവസായങ്ങൾക്ക് പ്രഖ്യാപിച്ചിട്ടുള്ള വിവിധ പ്രോത്സാഹനങ്ങൾമൂലം വർദ്ധിച്ച മൂലധനനിക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത്; ഇതിന്റെ ഫലമായി ചെറുകിട വ്യവസായ രംഗത്തുണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ പ്രഖ്യാപിച്ച വ്യവസായ നയത്തിന്റെ ഫലമായി വ്യാവസായിക മേഖലയിലുണ്ടായിട്ടുള്ള പുരോഗതി വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) എല്ലാ അടിസ്ഥാന സൗകര്യങ്ങളുമൊരുക്കിയിട്ടുള്ള അനേകം വ്യവസായ പാർക്കുകൾ, വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ചു കെ.എസ്.ഐ. ഡി.സി.യുടെ സഹായത്തോടെ 1347 കോടി രൂപ മുതൽ മുടക്കുള്ള 12397 പേർക്ക് ജോലി സാദ്ധ്യതയുള്ള 160 പദ്ധതികൾ പൂർത്തീകരിക്കുകയും ഏകദേശം 1159 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നതും 9047 പേർക്ക് തൊഴിൽ സാദ്ധ്യതയുള്ളതുമായ 75 പദ്ധതികൾ നിർമ്മാണ ഘട്ടത്തിലാണ്. അടഞ്ഞുകിടന്ന പല കമ്പനികളും തുറക്കുകയും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നവ നന്നായി പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടെക്നോപാർക്കിൽ 42 കമ്പനികൾ ആരംഭിച്ചിട്ടുണ്ട്. ഇവയിലെല്ലാം കൂടി 8520 ലക്ഷം രൂപയുടെ മുതൽമുടക്ക് ഉണ്ടായിട്ടുണ്ട്. ഇതിലൂടെ 4724 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ചെറുകിട വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് ഇപ്രകാരമാണ്.

വർഷം		തൊഴിൽ ലഭ്യത
1996-97	-	64660
1997-98	-	70263
1998-99	-	71632
1999-2000	-	61673 (31.1.2000 വരെ)

കിൻഫ്രയുടെ പാർക്കുകളിൽ ഭൂമി ഏറ്റെടുത്ത് വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പല വ്യവസായ സംരംഭകരും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ളവയിൽ ഉൽപ്പാദനം ആരംഭിച്ചവയുടെയും (160) നിർമ്മാണഘട്ടത്തിലിരിക്കുന്നവയുടെയും (75) ലിസ്റ്റ് അനുബന്ധം I-ലും† ടെക്നോപാർക്കിൽ ആരംഭിച്ച കമ്പനികളെ സംബന്ധിച്ച വിവരം അനുബന്ധം II-ലും† കിൻഫ്രയുടെ വിവിധ പാർക്കുകളിൽ ഭൂമി ഏറ്റെടുത്ത് വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചതിനെ സംബന്ധിക്കുന്ന വിവരം അനുബന്ധം III-ലും† നൽകിയിരിക്കുന്നു. ചെറുകിട വ്യവസായ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31.1.2000 വരെ72195 യൂണിറ്റുകൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഐ.ടി. വ്യവസായ നയപ്രഖ്യാപനത്തിനുശേഷം ടെക്നോപാർക്കിൽ 1590 ലക്ഷം രൂപയുടെയും കെ.എസ്.ഐ.ഡി.സി.യിൽ 106239 ലക്ഷം രൂപയുടെയും മൂലധന നിക്ഷേപം ഉണ്ടായിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ മുതൽമുടക്കിന്റെ കാര്യത്തിൽ 76.28% വളർച്ചാനിരക്ക് ഉണ്ടായിട്ടുണ്ട്.

(ഡി) 1. പ്രവാസി കേരളീയർ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് 5 ലക്ഷം രൂപാ 9% പലിശ നിരക്കിൽ മാർജിൻമണി നൽകുന്നു.

2. വനിതാ വ്യവസായ സൊസൈറ്റികൾക്ക് നൽകുന്ന പരമാവധി ഓഹരി മൂലധനം 3.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

3. സിക്ക് യൂണിറ്റ് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി വരുന്നു.

4. സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 15 ലക്ഷം രൂപ സബ്സിഡി നൽകുന്നു.

5. പരിസ്ഥിതി മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾക്ക് മുടക്കുന്ന തുകയുടെ 15% പരമാവധി 5 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു.

6. വിപണനത്തിനുള്ള ടെണ്ടറുകളിൽ പങ്കെടുക്കുമ്പോൾ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളിലെ ഉൽപ്പന്നങ്ങളെക്കാൾ 15% വിലനിരക്ക് കൂടുതലായും പ്രസ്തുത ഉൽപ്പന്നം വാങ്ങാൻ നിർദ്ദേശിച്ചിരിക്കുന്നു. ഇതിനുപുറമേ ഐ.എസ്.ഐ. സർട്ടിഫിക്കറ്റ് ഉള്ളവർക്ക് 2% കൂടി കൂടുതൽ വില നിരക്കിൽ മുൻഗണന ലഭിക്കുന്ന സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വിപണന ടെണ്ടറുകളിൽ പങ്കെടുക്കുന്നതിന് ഇ.എം.ഡി.എസ്.ടി. അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കുന്നു. ചെറുകിട വ്യവസായ യൂണിറ്റുകളെ വൈദ്യുത ഡ്യൂട്ടിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്.

7. തൊഴിൽദാന പദ്ധതി പ്രകാരം അഭ്യസ്തവിദ്യരായ യുവാക്കൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ 2 ലക്ഷം രൂപാവരെ വായ്പ നൽകുന്നു.

ചെറുകിട വ്യവസായ രംഗത്തുണ്ടായ നേട്ടങ്ങളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	രജിസ്റ്റർ ചെയ്ത യൂണിറ്റുകളുടെ എണ്ണം	വളർച്ചാ നിരക്ക് ശതമാനത്തിൽ	തൊഴിൽ ലഭ്യത	വളർച്ചാ നിരക്ക്
1996-97	17421	-	64660	-
1997-98	19547	12.20%	70263	8.66%
1998-99	19736	1.00%	71632	1.95%
1999-2000 (31.1.2000 വരെ)	17169		61673	

(ഇ) വ്യവസായ നയപ്രഖ്യാപനത്തിനുശേഷം ടെക്നോപാർക്കിൽ 9 കമ്പനികൾ പ്രവർത്തനം തുടങ്ങി. മൂലധന നിക്ഷേപം 1590 ലക്ഷം രൂപ ആയി. 440 തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കപ്പെട്ടു. ചെറുകിട വ്യവസായ മേഖലയിൽ പുതിയ വ്യവസായ നയപ്രഖ്യാപനത്തിനുശേഷം 25524 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൻമൂലം 94807 പേർക്ക് പുതിയ തൊഴിലവസരങ്ങൾ ഉണ്ടായി. 462.70 കോടി രൂപയുടെ മുതൽമുടക്ക് ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യിൽ ഈ കാലയളവിൽ ഏകദേശം 1000 കോടി രൂപ മുതൽമുടക്കുള്ളതും 6244 പേർക്ക് തൊഴിലവസരങ്ങളുമുള്ള 62 പദ്ധതികൾ പൂർത്തിയാക്കി കിൻഫ്രയുടെ വിവിധ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 25 വ്യവസായ സംരംഭകർ ഭൂമി ഏറ്റെടുത്ത് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

20 (*140) അനാഥാലയങ്ങളുടെ വിവിധ പ്രശ്നങ്ങൾ

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങളും ധർമ്മ സ്ഥാപനങ്ങളും നേരിടുന്ന വിവിധ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ബി) അന്തേവസികളുടെ പ്രതിമാസഗ്രാന്റും ഓർഫനേജ് ഫെസ്റ്റിന് അനുവദിക്കുന്ന ഗ്രാന്റും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) അനാഥാലയങ്ങളിൽനിന്നും വിദ്യാഭ്യാസവും സാങ്കേതിക പരിശീലനവും നേടി പുറത്തുപോകുന്നവരുടെ പുനരധിവാസം സാദ്ധ്യമാക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) 1997-ലെ ലോക്കൽ ഫണ്ട് ആഡിറ്റ് റൂൾസ് പ്രകാരം ഇവർക്കു നൽകുന്ന ഗ്രാന്റ് തുകയിൽനിന്നും ഒരു ശതമാനം ആഡിറ്റ് ഫീസായി

LIBRARY ARCHIVES Kerala Legislative Assembly